**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 971** **05/02/2020-ലെ മറുപടിയ്ക്ക്**

# കൊയിലാണ്ടി നഗരസഭയിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പമന്ത്രി) | |
| എ) | കൊയിലാണ്ടി നഗരസഭയിലെയും പരിസര ഗ്രാമപഞ്ചായത്തുകളുടെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള 85 കോടി രൂപ അടങ്കൽ വരുന്ന കിഫ്ബി കുടിവെള്ള പദ്ധതികളുടെ തുടർച്ചയായ ഡിസ്ട്രിബ്യൂഷൻ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; | (എ) & ബി) | കൊയിലാണ്ടി നഗരസഭയിലെയും പരിസര ഗ്രാമപഞ്ചായത്തുകളുടെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള 85 കോടി രൂപ അടങ്കൽ വരുന്ന കിഫ്ബി കുടിവെള്ള പദ്ധതിയുടെ തുടർച്ചയായി ചെയ്യാനുള്ള വിതരണ ശൃംഖലയുടെ അടങ്കലിന് അംഗീകാരം ലഭ്യമായിട്ടില്ല.<br>കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി നിലവിൽ നടന്നുവരുന്ന കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലകൾ ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് വേണ്ടി 89 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഡിസ്ട്രിബ്യൂഷനു വേണ്ടി സമർപ്പിച്ച ഡി പി ആർ ഇപ്പോൾ എവിടെയാണുള്ളതെന്നും പ്രസ്തുത ഡി പി ആറിന്മേൽ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്നും വിശദമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ